# PRATHYASA

Bimonthly Bulletin of Reserve Bank Retired Employees Association, Kochi
(Reg.No. ER 18/09) (E-mail: salamkm@sify.com)
C/o N.R.Pillai, "Aiswarya", Kandekath Lane, Off Perumbotta Road, Kochi-682 026

**Issue No. 33** **MARCH 2011** **Annual Subcription Rs. 100/-**

**അപ്പ്ഡേഷൻ:** ഈ വിഷയത്തിൽ പുരോഗതി ഒന്നുമുള്ളതായി അറിവില്ല. 09.02.2011-ന് ഭോപ്പാലിൽ ഗവർണറേക്കണ്ട പെൻഷൻകാർക്ക് പതിവ് മറുപടി ലഭിച്ചു. മാർച്ച് 3 ന് ജനറൽ സെക്രട്ടറി ബാങ്കിനയച്ചകത്ത് 4-ാം പേജിൽ വായിക്കുക. അപ്പ്ഡേഷൻ, ഫാമിലി പെൻഷൻ വർദ്ധന, 40% കമ്മ്യൂട്ടേഷൻ, പെൻഷൻ പദ്ധതിയിലേക്ക് ഒരോപ്ഷൻകൂടി അനുവദിക്കുക, സ്റ്റാഫ് റെഗുലേഷൻ സ്റ്റാറ്റ്യൂട്ടറി ആക്കാതിരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ബാഡ്ജ് ധരിച്ചും കൂട്ടനിവേദനം നൽകിയും ഫെബ്രുവരിയിൽ സർവ്വീസ് ജീവനക്കാർ സമരംനടത്തി. DAPM, HRDD എന്നിവ സംയോജിപ്പിച്ച് ശ്രീ.സന്ദീപ് ഘോഷ് CGM ആകുകയും HRDD യുടെ ചുമതല E.D.ശ്രീ. R.ഗാന്ധി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റങ്ങൾകൊണ്ടൊന്നും കാര്യമായ പ്രതീക്ഷക്ക് വകയില്ലെങ്കിലും ഒരു പുതിയ സമീപനമുണ്ടായിക്കൂടെന്നുമില്ല.

**D.R. സമീകരണത്തിലെ അസമത്വം:** LIC യുടെ അപ്പീൽ രാജസ്ഥാൻ ഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് തള്ളിയതായി മുൻലക്കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. എന്നാൽ ഈ വിധിക്കെതിരെ LIC അതേകോടതിയിൽ റെവ്യൂ പെറ്റീഷൻ നൽകിയതായി അറിയുന്നു. ഡിവിഷൻബഞ്ചിന്റെ വിധിയുടെ പകർപ്പ് ലഭിച്ചശേഷം കൂടിയ RBREA കൊച്ചി കമ്മറ്റി യോഗത്തിൽ ഈ വിഷയം ചർച്ചചെയ്യുകയും റിട്ട്ഹർജി ഫയൽ ചെയ്താലുള്ള വിജയ സാധ്യതയെപ്പറ്റി നിയമോപദേശം തേടുവാൻ തീരുമാനിക്കുകയും ചെയ്തു. മുമ്പ് 22 അംഗങ്ങൾക്ക്വേണ്ടി ബാങ്കിന് വക്കീൽ നോട്ടീസയച്ചതും തന്മൂലം 37 മാസത്തെ D.R.കുടിശിഖ അർഹരായവർക്കെല്ലാം ലഭിക്കുവാൻ കാരണക്കാരനായ അഡ്വക്കേറ്റ് ശ്രീ.M.P.M. അസ്ലാമിനെത്തന്നെ ഇക്കാര്യത്തിൽ സമീപിക്കുവാനാണ് കമ്മറ്റി തീരുമാനം. സെക്രട്ടറി അഡ്വക്കേറ്റുമായി ബന്ധപ്പെട്ടിട്ടുണ്ട്.

**എഡിറ്റോറിയൽ:** അപ്പ്ഡേഷൻ സാധ്യമാക്കുവാൻ പെൻഷൻ റെഗുലേഷൻസ് ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ധനമന്ത്രിയുമായി സംസാരിച്ചുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടതിൻ പ്രകാരം ധനവകുപ്പ് സെക്രട്ടറിയെക്കൂടി കാര്യങ്ങൾ ബോധ്യപ്പെടുത്താൻ D.G. and / or E.D. യെ ചുമതലപ്പെടുത്തിയും ജനുവരി 2010-ൽ ഗവർണ്ണർ ഉത്തരവിട്ടിട്ടും കീഴുദ്യോഗസ്ഥന്മാർ നടപടിയെടുത്തിട്ടില്ലെന്ന് RTI ആക്ട്പ്രകാരം വിവരം ലഭിച്ചതായി മുൻലക്കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഉത്തരവിന്മേൽ എന്തുകൊണ്ട് നടപടി യുണ്ടായില്ലെന്ന് ഗവർണ്ണർ അന്വേഷിച്ചുവോ എന്നറിയില്ല. ഭേദഗതിയുടെ നക്കൽ ധനവകുപ്പി ലെത്തിയാലും വച്ച്താമസിപ്പിക്കുവാൻ അവർക്ക് കഴിയും. നമുക്ക്വേണ്ടി ശക്തമായി വാദിക്കുവാൻ ആരുമില്ലാത്തതുകൊണ്ട് വീണ്ടും വീണ്ടും കത്തെഴുതുക മാത്രമേ നമുക്കാ യുധമായുള്ളു. തുടക്കം മുതലേ പിഴച്ച ഒരുവിഷയമാണ് നമ്മുടെ പെൻഷൻ പരിഷ്കരണം. ജൂൺ 2004-ൽ കേന്ദ്രജോയിന്റ് സെക്രട്ടറി അപ്പ്ഡേഷനെ ചേദ്യം ചെയ്തപ്പോൾ സെൻട്രൽ ആഫീസിൽനിന്നും ജോയിന്റ് സെക്രട്ടറിക്ക് തുല്യഗ്രേഡിലുള്ള ഒരുദ്യോഗസ്ഥനുപകരം ഡൽഹി ആഫീസിലെ ഒരു അസി: മാനേജരെയാണ് ജോയിന്റ് സെക്രട്ടറിയെക്കണ്ട് വിശദീകരണം നൽകാൻ സെൻട്രൽ ഓഫീസ് ചുമതലപ്പെടുത്തിയത്. ഈ ഉദ്യോഗസ്ഥന് ശരിയായ വിശദീകരണം നൽകുവാൻ സാധിച്ചില്ലെന്ന് ജോയിന്റ് സെക്രട്ടറി ബാങ്കിനെ എഴുതി അറിയി ക്കുകയുണ്ടായി. അതിനുംമുമ്പ് 2002-ൽ അപ്പ്ഡേഷൻ ശുപാർശചെയ്ത് തയ്യാറാക്കിയ നോട്ടിൽ "Since there is no regulation in the Pension regulations pertaining to updation of pension, the updation may be an administrative decision" എന്നാണ് തെറ്റായി കുറിച്ചിരിക്കുന്നത്. നാല് സെറ്റ് D.R.നിര ക്കുകൾ നടപ്പാക്കുക ഒരു "CUMBER SOME TASK" ആകയാൽ നിരക്കുകൾ ഏകോപിപ്പിക്കു വാനുള്ള ഭരണപരമായ ഒരു തീരുമാനമായാണ് അന്ന് അപ്പ്ഡേഷൻ ചിത്രീകരിക്കപ്പെട്ടത്.

എന്നാൽ യാഥാർത്ഥ്യം അതല്ലെന്ന് ഗൗരവമായി വിഷയം പഠിക്കുന്നവർക്ക് ബോധ്യമാകും. പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനു മുമ്പ് 1990-ൽ തയ്യാറാക്കിയ നോട്ടിൽ "In Govt the pension gets updated after every pay revision on. We may therefore have to update pension after every future pay revision in the Bank" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അന്നത്തെ D.G.(A.Ghosh) Addl finance സെക്രട്ടറിക്കെഴുതിയ D.O.കത്തിൽ Specific provision to go by Govts" Pension Rules in similar circumstances" ആവശ്യപ്പെട്ടിട്ടുണ്ട്. 20.09.1990 - ന് സർക്കാർ അംഗീകാരം നല്കി കത്തയച്ചത് തീർച്ചയായും ഈ സംഗതികൾ പരിഗണിച്ച ശേഷമാണെന്നുള്ളതിന്റെ തെളിവാണ് നമ്മുടെ റഗുലേഷൻസിലെ Para 5 (In the matter of the application of these Regulations regard mmay be had to the corresponding provision of the Civil Service Regulations or the Civil Pension (commutation) Rules or the Family Pension Scheme for Central Govt Employees as the case may be of the Govt of India in so far as they can be adapted to the service in the Bank but subject to such exceptions and modifications as the Bank may from time to time determine". അർത്ഥമില്ലാത്ത വാചകങ്ങൾ ഒരു നിയമത്തിലും എഴുതിച്ചേർക്കുകയില്ലല്ലോ. ഇതിനുംപുറമേ 10 മാസത്തെ ശരാശരി ശമ്പളത്തിന്റെ പകുതിയായിരിക്കും അടിസ്ഥാന പെൻഷൻ എന്ന് പറയുമ്പോൾത്തന്നെ "Pay includes any other emoluments which may be classified as pay by the Central Board of the Bank" എന്ന് Para 2 (9)(f)-ൽ പറയുന്നതും വിരമിക്കുമ്പോൾ നിശ്ചയിക്കുന്ന അടിസ്ഥാന പെൻഷൻ ഒരു ഇരുമ്പുലക്ക അല്ലെന്ന വാദത്തിന് ശക്തിനൽകുന്നു. തിരുവനന്തപുരത്തുനിന്നും ശ്രീ.P.R.R. നായർ ഈ വസ്തുതകൾ എല്ലാംകാണിച്ച് 21.02.2011- ന് RTI Act പ്രകാരം കത്തയച്ചെങ്കിലും "Matter Subjudice" എന്ന ഒഴുക്കൻ മറുപടിയാണ് ലഭിച്ചത്. ഇപ്പോൾ ബോംബെ ഹൈക്കോടതിയിൽ നിലവിലുള്ളകേസ് റോൾബാക്ക് സർക്കുലർ പിൻവലിക്കണമെന്ന ആവശ്യത്തിനു മാത്രമാണ്. വിധിപറയുംവരെ സ്റ്റേ ഉത്തരവുമുണ്ട്. വർഷങ്ങൾക്കുശേഷം അനുകൂലവിധി വരുമെങ്കിലും അടുത്ത അപ്പ്ഡേഷനുവേണ്ടി മറ്റൊരു ഹർജ്ജി ഫയൽ ചെയ്യേണ്ടിവരും. സർക്കാർ പ്രത്യക്ഷമായും ബാങ്ക് പരോക്ഷമായും പ്രതികൂലമായിരിക്കെ 01.11.97-ന് ശേഷം കിട്ടേണ്ട 2 അപ്പ്ഡേഷനുവേണ്ടി ഇപ്പോഴെ നിയമനടപടി സ്വീകരിക്കുകയാണ് വേണ്ടത്. സർക്കാരിനു പുറമേ വാണിജ്യ ബാങ്കുകളിലും New pension Scheme (NPS) നടപ്പാക്കി. RBI - ൽ നടപ്പാക്കാൻ തീരുമാനം PFRDA ബിൽ പ്രതിപക്ഷ പിന്തുണയോടെ പർലമെന്റിൽ അവതരിപ്പിച്ചു. എല്ലാമേഖലകളിലും NPS നടപ്പാക്കി പെൻഷൻ ബാധ്യത തലയിൽനിന്നിറക്കി വെയ്ക്കുകയും പഴയ പെൻഷൻ പദ്ധതി ക്ഷയിപ്പിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ നയമെന്നോർമ്മയിരിക്കട്ടെ. പഴയ പദ്ധതിയുടെ അവിഭാജ്യഘടകമായ അപ്പ്ഡേഷന് ഒരുകോടതി വിധിയിൽക്കൂടി നിയമപ്രാബല്യം നേടിയെടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്. വിധിക്ക് വർഷങ്ങളെടുക്കുമെങ്കിലും ഇളംതലമുറയ്ക്കെങ്കിലും ഗുണംകിട്ടുമല്ലോ. പെൻഷൻ സമൂഹത്തിലെ യുവനിര യാണ് ഇതിനു മുൻകൈ എടുക്കേണ്ടത്. മുതിർന്നവരുടെ നാളുകൾ എണ്ണപ്പെട്ടതാണ്. പെൻഷൻ പരിഷ്കരിക്കേണ്ടിവന്നാൽ അത് Prospective ആയിരിക്കണമെന്ന ബാങ്കിന്റെ ചിന്താഗതിയുടെ വെളിച്ചത്തിൽ നിയമനടപടി അമാന്തിച്ചാൽ നമുക്കായിരിക്കും നഷ്ടം. ഈ അഭിപ്രായം എഡിറ്ററുടേതുമാത്രം. മാനേജിങ് കമ്മിറ്റിക്കിതിൽ പങ്കില്ല. മറ്റൊരു കാര്യം. "പ്രത്യാശ"യുടെ ഈ വർഷത്തെ അവസാന ലക്കമാണിത്. ചില ആരോഗ്യ പ്രശ്നങ്ങൾ മൂലം അടുത്ത സാമ്പത്തിക വർഷം എഡിറ്ററായി തുടരുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. മറ്റാരെങ്കിലും ഈ സ്ഥാനം ഏറ്റെടുക്കുമെന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ 4 വർഷത്തെ സഹകരണത്തിനും പ്രോത്സാഹനത്തിനും എല്ലാ വായനക്കാർക്കും നന്ദി

എഡിറ്റർ

**Obituary:** തിരുവനന്തപുരം ആഫീസിൽനിന്നും DGM ആയി വിരമിച്ച ശ്രീ.C.R.G. നായർ (62) 18.02.11 - ന് വാഹനാപകടത്തിൽപ്പെട്ട് നിര്യാതനായ ദുഃഖവാർത്ത പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിരുന്നല്ലോ. "പ്രത്യാശ"യുടെ രണ്ടിറ്റ് കണ്ണീരിനൊപ്പം പരേതനെപ്പറ്റി ശ്രീ. P.P.R- ന്റെ അനുസ്മരണകളും ഇവിടെ ചേർക്കുന്നു.

## MY GOOD FRIEND SRI. C.R.G. NAIR

Death laid its icy hands on Shri. C.R.G. Nair on 18th February 2011. He was killed in a Car accident in Alleppey. He was only 62 years old. He had served in RBI for 32 years in Trivandrum. Mumbai and Bangalore I knew CRG when I reported to Trivandrum in 1982. But our close association was from 1992 to 1996 when he was my Banking Officer and I was DGM in charge of the Appointments Section of DBOD, Central Office, Mumbai.

C.R.G. was scrupulously clean in body and mind. Always immaculately attired with the sleeves of his full shirt folded mid-way, one could never see him without a smile. He was helpful to whoever approached him-irrespective of his status. He was thorough in his work and he made extraordinary efforts to grasp fully the ramifications of all the cases he handled. Prior to computerization, he would put up notes written with a fountain pen. No ballpens for C.R.G..His drawer would always contain two bottles of Parker Quink. He would submit notes of two or three pages in his neat handwriting-without a single cancellation or correction. It was testimony to his clarity of thought and ability to express clearly. He had mastered the entire gamut of work in Appointments Section and undoubtedly was one of the best Officers of R.B.I. He retired as D.G.M. Trivandrum.

He was deeply religious and always had a "Chandana Kuri" or sandalwood paste mark on his forehead. He was a compulsive visitor to "Kochu Guruvayoor Temple" in Matunga. His "Godliness" was proven by his innate "Goodness". He always helped whoever approached him not only officially but for personal reasons.

C.R.G. was an accomplished Homeopath and used to dispense those sweet white pills to many a patient. He had unusual hobby –tailoring!. He could stitch blouses and frocks too!. He was a fond parent with two daughters, sons-in-laws, three grandchildren. His wife retired as Accounts Officer in A.G's Office, Trivandrum. She is a picture of self-effacement. C.R.G's daughters are well settled in life.

Though he had several offersafter retirement, C.R.G. declined politely and dedicated himself to "Bhagavatha Parayanam"- recital of cantos from 'Srimad Bhagavadam" in houses of poor persons without any payment.

One wonders of the quirk of Fate as to why such a "God's Good Man", such a religious person, such an affectionate parent should meet his death so tragically.

Inscrutable are the ways of Destiny. P.P.Ramachandran 28.02.2011

**പുതിയ ഖജാൻജി:** 22.02.11- ൽ കൂടിയ മാനേജിങ് കമ്മിറ്റി യോഗത്തിൽ ശ്രീ. V.R.വാദ്ധ്യാരുടെ ഒഴിവിൽ പുതിയ ഖജാൻജിയായി ശ്രീ.M.M.അരവിന്ദാക്ഷനെ കോ–ഓപ്റ്റ് ചെയ്തു.
വിലാസം : 34/2538, വട്ടപ്പിള്ളി ലെയിൻ, BTS, മാമംഗലം ക്രോസ്സ്റോഡ്, ഇടപ്പള്ളി,
കൊച്ചി - 682 024 ഫോൺ : 0484- 2331108, 9567155604

**D.R. Trend :** വിലവർദ്ധനക്കൊപ്പം സൂചികയും കുതിക്കുന്നു. ജനുവരിയിലെ സൂചിക പ്രകാരം മുൻശരാശരിയെക്കാൾ 30 സ്ലാബിന്റെ വർധനയുണ്ട്.

**പുതിയ ഡയറക്ടറി:** 126 അംഗങ്ങൾക്ക് ബയോഡാറ്റാ ഫോറം അയച്ചുവെങ്കിലും 58 പേർമാത്രമാണ് ഫോട്ടോസഹിതം ഫോറം പൂരിപ്പിച്ച് മടക്കി അയച്ചത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡയറക്ടറിയുടെ അച്ചടി ഓഫ്സെറ്റ് പ്രസ്സിൽ പുരോഗമിക്കുന്നു.

Edited By: K.G.K.Pillai, Ph: 0484- 2204230, 9447055230
Associate Editors Ex-Officio N.R.Pillai, President, Ph: 0484-2102556, 9447019919, K.M. Abdul Salam, Secretary, 0484 - 2539596, 9447161746
വിവരങ്ങൾക്ക് കടപ്പാട് : ശ്രീ. P.R.R.Nair, ശ്രീ. P.P.R. Hitguj.

## Updation

**Letter dtd. 24 February 2011 addressed to the Governor by Shri T.G. Nair, G.S., AIRBREA**

"Since you assumed charge as Governor, you have been successful in overcoming various challenges confronting the Bank including the crucial issues of upholding its autonomy, image and prestige. We appreciate your sincere and ceaseless efforts made in this regard so far against heavy odds.

During your tenure, an historic bipartite wage settlement was concluded peacefully with the Associations of workmen and officers which has instilled confidence in them and brought happiness to them and their families paving the way for healthy employer-employee relations and required industrial peace to enable the Bank to fulfil its tasks ahead.

It is our firm belief that only through the sympathetic and magnanimous approach of the successive Governors the RBIites have been successful in achieving better service conditions. We are at the same time compelled to recall that, in order to attract its workforce to opt for pension, the Bank made certain promises, including periodical updation. The interests of the retirees were protected, despite revengeful attitude of the Ministry of Finance till the last Board Meeting of former Governor, Dr. Y.V. Reddy in August 2008, wherein, the Bank unilaterally decided to withdraw the updation granted till then, on the insistence of the Government nominee on the Board.

Being pushed to the wall, the retirees were forced to file a writ in the High Court. To the credit of the Bank, we appreciate, in the successive affidavits filed before the Bombay High Court, the Bank clearly did not concur with the Government view that it had no authority to grant updation.

What followed later is now well known. The Government in its 'Speaking Order' issued under the direction of the Court, also averred that there was no direction under Section 7 of R.B.I. Act, 1934 to the Bank to withdraw pension updation thereby, strengthening the stand of the Bank and paving the way to continue the grant of pension updation on an ongoing basis.

We also wrote to the Bank requesting it to honour the verdict of the Court and the Government's averment. However, in its own wisdom and reasons best known to them, despite the clear statement of the Ministry in the speaking order, the Administration again poised itself to withdraw the updation thereby forcing the retirees to seek justice from the Judiciary once again. The Bank's changed stand was reflected in the fresh affidavit filed by it. Surprised and angered at the volte face, the Court questioned the Bank to justify its U-turn in the stand whereat the Bank's advocate was left with no alternative but to maintain stoic silence. The Government advocate avoided the ignominy of getting thrashed by the Bench, by opting not to show his face even. The Court admitted the writ and confirmed its earlier order of continuing the grant of updation to the retirees, till the final hearing.

Some RTI activists forwarded to us copies of the notings of the Governor, received under the RTI Act, which reveal that you had kindly taken up in January 2010, the matter of updation on an ongoing basis with the Hon'ble Finance Minister who was positive on the issue and as per his suggestion you had asked the Office to follow it up with the Secretary, DFS. Nothing appears to have moved since then, despite your orders, although more than a year has lapsed. We suggest that the matter deserves your immediate attention to institute an enquiry into it since it is a serious issue, as well as, how the orders of the Governor to pursue the matter with the Secretary, were so brazenly ignored.

We, however, wish to express our deep concern and strong apprehension that the issue of amendment proposed by the Government is nothing but a 'trap' well calculated by the anti-RBI lobby in the Finance Ministry, which has been ceaselessly trying to thwart all the attempts of the Bank to improve the lot of its retirees by updating the pension on an ongoing basis. It is sad that the retirees in their last lap of their life have been denied justified updation from the organization to which they had given their blood, sweat and tears. We stress that the grant of periodical improvements in pension is not a gratis or a dole. It is a commitment of the Bank, which is bilaterally settled with the recognized Associations / Federation and as such it is irrevocable. By its unilateral withdrawal, the Bank has dishonored its commitment which hardly redounds to its credit.

In this regard, it may be mentioned here that the Government has adopted similar tactics against the LIC employees who, despite two judgments from the Jaipur Bench of Rajasthan High Court, are still being denied implementation of the Court order by their management, which, we understand, is under pressure from the Government not to implement the same.

We, therefore, appeal to the Bank and you especially that –

1. Pending amendments or whatever technicalities the Bank in its own wisdom proposes to make or fulfil, the pension of the Reserve Bank retirees be updated on the basis of the recent pay revision effective from 1 November 2007.
2. By the unjustified delay caused, a large number of retirees have already passed away without enjoying the committed pension updation benefits and if this process continues the issue will get automatically resolved when there will scarcely be any surviving retiree!
3. Lastly, we appeal to the Bank not to leave our fate to be decided by the Government since, all through the service in the Bank, our interests were safeguarded by the successive Governors whose powers are unquestionable.

Thanking you in anticipation of sympathetic consideration of issues mentioned above."

**News from other units** HITGUJ MAR 15

### Retirees at Bhopal-Indore meet Governor

A delegation of Retirees' Association at Bhopal-Indore, accompanied by a senior retiree aged 89 years, called on the Governor Dr D. Subbarao at Bhopal office on 9 February 2011, when he had come there for the Central Board meeting and submitted to him a memorandum highlighting pending issues of Reserve Bank retirees including enhancement in ex-gratia payment with a request for their redressal at the earliest. Governor graciously received the delegation and gave a patient hearing to the Delegation's submission. He was moved by the fact that many members of the Delegation had come to see him all the way from Indore. Joining the Delegation in a group photo, Governor assured the members to look into the issues sympathetically.

ഗവർണറുടെ ഈ മറുപടി ഫെബ്രുവരി 9 ന് മാർച്ച് 26 നാണ് ശ്രീ P.R.R. നായർക്ക് ലഭിച്ചു MATTER SUBJUDICE എന്ന മറുപടി - [illegible]?